**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4707** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം- എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം, എടയൂർ, വളാഞ്ചേരി കുടിവെള്ള പദ്ധതിക്കായി കിഫ്ബി ധന സഹായത്തോടെ ജല ശുദ്ധീകരണ ശാല, ജല സംഭരണി, പ്രധാന പൈപ്പ് ലൈൻ എന്നീ പ്രധാന ഘടകങ്ങൾ പൂർത്തിയായിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി റോ വാട്ടർ പമ്പ് ഹൗസിൽ പുതുക്കിയ കെ.എസ്.ഇ.ബി കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ നിലവിലെ വൈദ്യുതി കുടിശ്ശിക അടവാക്കാത്തതിനാൽ കെ.എസ്.ഇ.ബി കണക്ഷൻ ലഭിച്ചിട്ടില്ല. കണക്ഷൻ ലഭിക്കുന്ന മുറക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. |
| (ബി) | പദ്ധതിയുടെ ഭാഗമായി ഇരിമ്പിളിയം പഞ്ചായത്തിൽ രണ്ടാം ഘട്ട പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; | (ബി) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം, എടയൂർ, വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇരിമ്പിളിയം പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാം ഘട്ടമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 529 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻപ്രകാരം 2 പാക്കേജുകളാക്കി ക്രമീകരിച്ച് പ്രവൃത്തി നടന്നു വരുന്നു. നിലവിൽ ആകെ 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | എടയൂർ പഞ്ചായത്തിലെ താണിയപ്പൻകുന്ന് പ്രദേശത്ത് ജൽജീവൻ മിഷന്റെ ഭാഗമായി കഞ്ഞിപ്പുര-കാടാമ്പുഴ-വട്ടപ്പറമ്പ് റോഡിലും കഞ്ഞിപ്പുര-കൂടാരമടം-പള്ളിക്കണ്ടം റോഡിലും പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ തൽസ്ഥിതി അറിയിക്കുമോ; പ്രസ്തുത റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനായുള്ള ബാങ്ക് ഗ്യാരണ്ടി തുക പി.ഡബ്ല്യൂ.ഡി-യ്ക്ക് അടവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എടയൂർ പഞ്ചായത്തിലെ താണിയപ്പൻകുന്ന് പ്രദേശത്ത് ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കഞ്ഞിപ്പുര – കാടാമ്പുഴ – വട്ടപ്പറമ്പ് റോഡിലും, കഞ്ഞിപ്പുര – കൂടാരമടം – പള്ളിക്കണ്ടം റോഡിലും പൈപ്പ് ലൈൻ സഥാപിക്കുന്നതിനായി 16400 രൂപയുടെയും 2,28,000/- രൂപയുടെയും രണ്ട് ബാങ്ക് ഗ്യാരണ്ടികൾ പൊതുമരാമത്ത് വകുപ്പ് അധികാരികൾക്ക് കൈമാറിയിട്ടുണ്ട്. റോഡ് കട്ടിംഗ് അനുമതി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ